# മധുരമായ കുട്ടികളേ - ശ്രീമതത്തിലൂടെ നടക്കുന്നത് തന്നെയാണ് ബാബയ്ക്ക് ആദരവ് നൽകൽ, മൻമത്തിലൂടെ നടക്കുന്നത് അനാദരവാണ്

**ചോദ്യം:-** ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിയുന്നവരുടെ ഒരു കാര്യത്തെ ബാബ എതിർക്കുന്നില്ലെങ്കിലും ഒരു നിർദ്ദേശം നൽകുന്നുണ്ട് - അതെന്താണ്?
**ഉത്തരം:-** ബാബ പറയുകയാണ് - കുട്ടികളേ, എല്ലാവരുമായും സംബന്ധം വെച്ചോളൂ, എന്ത് ജോലി വേണമെങ്കിലും ചെയ്തോളൂ, സമ്പർക്കം പുലർത്തേണ്ടതുങ്കിൽ ചെയ്യൂ, നിറമുള്ള വസ്ത്രം ധരിക്കേണ്ടതുണ്ടെങ്കിൽ ധരിച്ചോളൂ, ബാബയ്ക്ക് എതിർപ്പില്ല. ബാബ കേവലം നിർദ്ദേശം നൽകുകയാണ്- കുട്ടികളെ, ദേഹ സഹിതം ദേഹത്തിന്റെ എല്ലാ സംബന്ധത്തിൽ നിന്നും മമത്വം വേർപെടുത്തി എന്നെ ഓർമ്മിക്കൂ.

**ഓം ശാന്തി.** ശിവബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്,ബാബ കുട്ടികളെ തനിക്കു സമാനമാക്കി മാറ്റുന്നിനുള്ള പുരുഷാർത്ഥം ചെയ്യിപ്പിക്കുകയാണ്. എങ്ങനെയാണോ ഞാൻ ജ്ഞാനത്തിന്റെ സാഗരനായിരിക്കുന്നത് അതുപോലെ കുട്ടികളും ആയിത്തീരണം. എല്ലാവരും ഒരു പോലെ ആയിത്തീരുകയില്ല എന്ന് മധുരമായ കുട്ടികൾക്കറിയാം. എല്ലാവർക്കും അവരവരുടെ പുരുഷാർത്ഥം ചെയ്യണം. സ്ക്കൂളിൽ അനേകം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്, എന്നാൽ എല്ലാവരും ഒരുപോലെ പദവിയോടുകൂടി പാസാവുന്നില്ല. എങ്കിലും ടീച്ചർ പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നു. നിങ്ങൾ കുട്ടികളും പുരുഷാർത്ഥം ചെയ്യുകയാണ്. ബാബ ചോദിക്കുകയാണ് നിങ്ങൾ എന്തായി മാറും. നരനിൽ നിന്ന് നാരായണനും നാരിയിൽ നിന്ന് ലക്ഷ്മിയുമാകാനാണ് ഞങ്ങൾ വന്നിരിക്കുന്നതെന്ന് എല്ലാവരും പറയും. ഇത് ശരിയാണെങ്കിലും തന്റെ പെരുമാറ്റത്തെക്കൂടി നോക്കണം. ബാബ ഉയർന്നതിലും ഉയർന്നതാണ്, ടീച്ചറുമാണ്, ഗുരുവുമാണ്. ഈ ബാബയെ ആർക്കും അറിയുകയില്ല. ശിവബാബ നമ്മുടെ അച്ഛനും, ടീച്ചറും, സദ്ഗുരുവുമാണ് എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. എന്നാൽ ബാബ ഏതുപോലെയാണോ അതുപോലെ ബാബയെ മനസ്സിലാക്കുക ബുദ്ധിമുട്ടാണ്. അച്ഛനെ അറിയുമ്പോൾ ടീച്ചറെ മറക്കുന്നു, പിന്നീട് ഗുരുവിനെ മറക്കുന്നു. അച്ഛന് കുട്ടികൾ ബഹുമാനം നൽകുക തന്നെ വേണമല്ലോ. എന്തിനെയാണ് ബഹുമാനം എന്ന് പറയുന്നത്? ബാബ പഠിപ്പിക്കുന്ന കാര്യങ്ങൾ നല്ല രീതിയിൽ പഠിക്കുന്നതാണ് ആദരവ് നൽകൽ. ബാബ അതിമധുരമാണ്. ഉള്ളിൽ സന്തോഷം വർദ്ധിപ്പിക്കണം. അപാര സന്തോഷമുണ്ടായിരിക്കണം. ഓരോരുത്തരും അവരവരോട് ചോദിക്കണം - ഞങ്ങൾക്ക് ഇങ്ങനെയുള്ള സന്തോഷമുണ്ടോ? എല്ലാവർക്കും ഒരുപോലെയാകാൻ സാധിക്കില്ല. പഠിപ്പിലും വളരെ വ്യത്യാസമുണ്ട്. ആ സ്കൂളുകളിലും വളരെ വ്യത്യാസമുണ്ട്. അവിടെ സാധാരണ ടീച്ചറാണ് പഠിപ്പിക്കുന്നത്, ഇവിടെ അസാധാരണ ടീച്ചറും. ഇങ്ങനെയൊരു ടീച്ചർ എവിടെയും ഉണ്ടായിരിക്കുകയില്ല. നിരാകാരനായ അച്ഛൻ ടീച്ചറായും മാറുന്നുണ്ട് എന്ന കാര്യം ആർക്കും അറിയുക പോലുമില്ല. കേവലം ശ്രീകൃഷ്ണന്റെ പേര് കൊടുത്തിരിക്കുന്നു എന്നാൽ ശ്രീകൃഷ്ണൻ എങ്ങനെയാണ് അച്ഛനാവുക എന്ന കാര്യം പോലും അറിയില്ല. കൃഷ്ണൻ ദേവതയാണല്ലോ. ഈ ശരീരം ബാബയുടേതല്ല എന്ന കാര്യം നിങ്ങൾക്കറിയാം. ഞാൻ ലോണെടുത്തിരിക്കുകയാണ് എന്ന് ബാബ സ്വയം പറയുന്നുണ്ട്. ഇദ്ദേഹം ആദ്യവും മനുഷ്യനായിരുന്നു. ഇപ്പോഴും മനുഷ്യനാണ്. ഇത് ഭഗവാനല്ല. ഭഗവാൻ ഒരെയൊരു നിരാകാരനാണ്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് വളരെയധികം രഹസ്യങ്ങൾ മനസ്സിലാക്കിത്തന്നു. എന്നിട്ടും അവസാനം ബാബയെ മനസ്സിലാക്കാൻ, ടീച്ചറെ മനസ്സിലാക്കുക്കാൻ ഇപ്പോഴും സാധിക്കുന്നില്ല, ഇടയ്ക്കിടയ്ക്ക് മറന്നു പോകുന്നു. ദേഹധാരിയിലേക്ക് ബുദ്ധിയോഗം പോകുന്നു. ആത്യന്തികമായി ബാബ അച്ഛനും ,ടീച്ചറും, സദ്ഗുരുവുമാണ് - ഈ നിശ്ചയം ഇപ്പോൾ ബുദ്ധിയിലില്ല. ഇപ്പോൾ മറക്കുന്നുണ്ട്. വിദ്യാർത്ഥികൾ ടീച്ചറെ എപ്പോഴെങ്കിലും മറക്കുമോ! ഹോസ്റ്റലിൽ താമസിക്കുന്നവർ ഒരിക്കലും മറക്കുകയില്ല. ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾ മറ്റുള്ളവരെക്കാളും ഉറച്ചവരാകുമല്ലോ. ഇവിടെ അത്രപോലും ഉറച്ച നിശ്ചയമില്ല. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് ഹോസ്റ്റലിൽ ഇരിക്കുന്നുണ്ട്, അപ്പോൾ തീർച്ചയായും വിദ്യാർത്ഥിയാണല്ലോ. എന്നാൽ അത്രപോലും ഉറച്ച നിശ്ചയമില്ല, അവരവരുടെ പുരുഷാർത്ഥമനുസരിച്ച് പദവി നേടുന്നുവെന്ന് മാത്രമറിയാം. മറ്റുള്ള പഠിപ്പുകളിലൂടെ വക്കീലാവാം, ഡോക്ടറാവാം, എൻജിനീയറാവാം. ഇവിടെയാണെങ്കിൽ നിങ്ങൾ വിശ്വത്തിന്റെ അധികാരിയായി മാറിക്കൊണ്ടിരിക്കുകയാണ്. അപ്പോൾ അങ്ങനെയുള്ള കുട്ടികളുടെ ബുദ്ധി എങ്ങനെയുള്ളതായിരിക്കണം? പെരുമാറ്റവും സംസാരവും എത്ര നല്ലതായിരിക്കണം.

ബാബ മനസ്സിലാക്കിത്തരികയാണ് – കുട്ടികളേ, നിങ്ങൾ ഒരിക്കലും കരയരുത്. നിങ്ങൾ വിശ്വത്തിന്റെ അധികാരികളായി മാറുന്നവരാണ്. തലയിട്ടടിക്കരുത്. തലയിട്ടടിക്കുന്നത് കരച്ചിലിന്റെ ആധിക്യത്തിലാണ്. ബാബ പറയുകയാണ്, കരയുന്നവർ നഷ്ടപ്പെടുത്തി... വിശ്വത്തിന്റെ ഉയർന്നതിലും ഉയർന്ന ചക്രവർത്തിപദമാണ് നഷ്ടപ്പെടുത്തുന്നത്. നരനിൽ നിന്ന് നാരായണനായി മാറാനാണ് വന്നിരിക്കുന്നതെന്ന് പറയും. എന്നാൽ പെരുമാറ്റമെവിടെ! സംഖ്യാക്രമത്തിലുള്ള പുരുഷാർത്ഥമനുസരിച്ച് എല്ലാവരും പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുകയാണ്. ചിലർ നല്ല രീതിയിൽ സ്ക്കോളർഷിപ്പ് നേടി പാസാകും, ചിലർ തോറ്റു പോകും. എന്തായാലും നമ്പർവൈസാണ്. ഏതുപോലെയാണോ ഗ്രാമവാസികൾ പഠിക്കാൻ ഇഷ്ടപ്പെടാത്തത് അതുപോലെ നിങ്ങളിലും പഠിക്കുന്നവരും, പഠിക്കാത്തവരും ഉണ്ട്. പുല്ല് മുറിക്കാൻ പറഞ്ഞാൽ വളരെ സന്തോഷത്തോടു കൂടി പോയി ചെയ്യും. അതാണ് സ്വതന്ത്രജീവിതമെന്ന് കരുതുന്നു. പഠിപ്പ് ബന്ധനമാണെന്ന് വിചാരിക്കുന്നു, ഇങ്ങനെ അനേകരുണ്ട്. സമ്പന്നരിൽ ജമീന്ദാർമാരും കുറവല്ല. സ്വയം സ്വതന്ത്രരെന്ന് വളരെ സന്തോഷത്തോടു കൂടി ചിന്തിക്കുന്നു. ജോലിയുടെ പേരു പോലുമില്ല. ഓഫീസിലാണ് മനുഷ്യർ ജോലി ചെയ്യാറുള്ളത്. ഇപ്പോൾ ബാബ നിങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നത് വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നതിനു വേണ്ടിയാണ്. ജോലിക്കു വേണ്ടിയല്ല. നിങ്ങളാണെങ്കിൽ ഈ പഠിപ്പിലൂടെ വിശ്വത്തിന്റെ അധികാരിയായി മാറിക്കൊണ്ടിരിക്കുകയാണല്ലോ. ഏറ്റവും ഉയർന്ന പഠിപ്പാണ്. നിങ്ങൾ തികച്ചും സ്വതന്ത്രമായി വിശ്വത്തിന്റെ അധികാരിയായി മാറുകയാണ്. കാര്യം വളരെ ലളിതമാണ്. പഠിപ്പ് ഒന്നു മാത്രമാണ്, ഇതിലൂടെ നിങ്ങൾ പവിത്രമായി മാറുമ്പോൾ ഇത്രയും ഉയർന്ന മഹാരാജാവും, മഹാറാണിയുമായി മാറുന്നു. ഏത് ധർമ്മത്തിലുള്ളവരാണെങ്കിലും വന്ന് പഠിക്കൂ.. എന്ന് നിങ്ങൾക്ക് പറയാൻ സാധിക്കും. ഈ പഠിപ്പ് വളരെ ഉയർന്നതാണെന്ന് മനസ്സിലാക്കണം. വിശ്വത്തിന്റെ അധികാരിയാവുന്ന കാര്യമാണ് ബാബ പഠിപ്പിക്കുന്നത്. നിങ്ങളുടെ ബുദ്ധി ഇപ്പോൾ വളരെ വിശാലമാക്കണം. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് പരിധിയുള്ള ബുദ്ധിയിൽ നിന്നും പരിധിയില്ലാത്ത ബുദ്ധിയുള്ളവരായി മാറണം. നമ്മളെല്ലാവരും മറ്റുള്ളവരെയും വിശ്വത്തിലെ അധികാരിയാക്കി മാറ്റും എന്നുള്ളതിൽ വളരെ സന്തോഷമുണ്ടായിരിക്കണം. യഥാർത്ഥിൽ സത്യയുഗത്തിലും ദാസ-ദാസിയുടെയും, വേലക്കാരന്റെയുമെല്ലാം ജോലികളുണ്ടായിരിക്കും. പഠിപ്പുള്ളവരുടെ മുന്നിൽ പഠിപ്പില്ലാത്തവർ പൂർണ്ണമായും ഭാരം ചുമക്കും. അതുകൊണ്ട് നല്ല രീതിയിൽ പഠിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഇതായി മാറാമെന്ന് ബാബ പറയുന്നു. ഞങ്ങൾ ഇങ്ങനെയായി മാറുമെന്ന് കുട്ടികളും പറയും. എന്നാൽ പഠിക്കാതെ എന്താവാനാണ്? പഠിക്കുന്നില്ലെങ്കിൽ ബാബയെ ഇത്രയും ആദരവോടുകൂടി ഓർമ്മിക്കാനും സാധിക്കില്ല. നിങ്ങൾ എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രയും നിങ്ങളുടെ വികർമ്മം വിനാശമാകുമെന്ന് ബാബ പറയുന്നു. കുട്ടികൾ പറയുന്നു ബാബാ, അങ്ങ് ആഗ്രഹിക്കുന്നതുപോലെ ഞങ്ങളെ നടത്തൂ, ബാബയും ഇദ്ദേഹത്തിലൂടെയാണല്ലോ ശ്രീമതം നൽകുന്നത്. കുട്ടികൾ ഇദ്ദേഹത്തിന്റെ നിർദ്ദേശവും എടുക്കുന്നില്ല, ജീർണ്ണിച്ച മനുഷ്യരുടെ നിർദ്ദേശത്തിലൂടെ നടക്കുന്നു. ശിവബാബ ഈ രഥത്തിലൂടെ ശ്രീമതം നൽകുന്നത് കണ്ടിട്ടും സ്വന്തം ഇഷ്ടത്തിലൂടെ നടക്കുന്നു. കാൽക്കാശിന് പോലും വിലയില്ലാത്ത കക്കയ്ക്ക് സമാനമായ വഴിയിലൂടെ തന്നെ നടക്കുന്നു. രാവണന്റെ നിർദ്ദേശത്തിലൂടെ നടന്ന്-നടന്ന് ഇപ്പോൾ കക്കയ്ക്ക് സമാനമായി മാറിയിരിക്കുന്നു. ഇപ്പോൾ രാമനായ ശിവബാബ ഉപദേശം നൽകുന്നു. നിശ്ചയത്തിലാണ് വിജയം, ഇതിൽ ഒരിക്കലും നഷ്ടമുണ്ടാവില്ല. ബാബ കുറവിനെപ്പോലും നേട്ടമാക്കി മാറ്റുന്നു. എന്നാൽ നിശ്ചയബുദ്ധിയുള്ളവർക്കു മാത്രമാണ് നേട്ടങ്ങൾ ലഭിക്കുക. സംശയ ബുദ്ധിയുള്ളവർ ഉള്ളിൽ ഉറക്കം തൂങ്ങിക്കൊണ്ടിരിക്കും. നിശ്ചയബുദ്ധിയുള്ളവർക്ക് ഇടയ്ക്ക് ബുദ്ധിമുട്ട്, ഇടയ്ക്ക് നഷ്ടം ഇങ്ങനെയൊന്നും ഉണ്ടായിരിക്കുകയില്ല. ബാബ സ്വയം ഗ്യാരണ്ടി തരുന്നു, ശ്രീമതത്തിലൂടെ നടക്കുകയാണെങ്കിൽ ഒരിക്കലും അമംഗളം ഉണ്ടാവുകയില്ല. മനുഷ്യരുടെ അഭിപ്രായത്തെ ദേഹധാരിയുടെ അഭിപ്രായമെന്ന് പറയുന്നു. ഇവിടെയുള്ളത് മനുഷ്യരുടെ അഭിപ്രായമാണ്. മനുഷ്യരുടെ നിർദേശങ്ങൾ, ഈശ്വരീയ നിർദേശങ്ങൾ, ദൈവീക നിർദേശങ്ങൾ എന്ന് പറയാറുണ്ടല്ലോ. ഇപ്പോൾ നിങ്ങൾക്ക് ഈശ്വരീയ നിർദ്ദേശം ലഭിച്ചിരിക്കുകയാണ്, ഇതിലൂടെ നിങ്ങൾ മനുഷ്യനിൽ നിന്ന് ദേവതയായി മാറുന്നു. പിന്നീട് അവിടെ സ്വർഗത്തിൽ സുഖം നേടുന്നു. യാതൊരു തരത്തിലുമുള്ള ദുഃഖവും ഉണ്ടായിരിക്കില്ല. അതും സ്ഥായിയായ സുഖമാണ്. ഈ സമയത്ത് നിങ്ങൾക്ക് ഭാവിയിലെ ആ അനുഭവം കൊണ്ടുവരണം.

ഇപ്പോൾ ഇത് ശ്രീമതം ലഭിക്കുന്ന പുരുഷോത്തമ സംഗമയുഗമാണ്. ബാബ പറയുന്നു ഞാൻ കല്പ-കല്പം കല്പത്തിന്റെ സംഗമയുഗത്തിലാണ് വരുന്നത്, ബാബയെ നിങ്ങൾ അറിഞ്ഞു. ബാബയുടെ നിർദ്ദേശത്തിലൂടെ നിങ്ങൾ നടക്കുന്നു. ബാബ പറയുന്നു – കുട്ടികളേ, നിങ്ങൾ ഗൃഹസ്ഥവ്യവഹാരത്തിൽ കഴിഞ്ഞോളൂ, നിങ്ങൾ വസ്ത്രം മുതലായവ മാറ്റണമെന്ന് ആരും പറയുന്നില്ല. എന്ത് വേണമെങ്കിലും ധരിച്ചോളൂ. അനേകരുമായി സമ്പർക്കത്തിൽ വരേണ്ടി വരുമല്ലോ. പലനിറത്തിലുള്ള വസ്ത്രം ധരിക്കുന്നതിൽ നിന്നുറ് ബാബ തടയുന്നില്ല. എങ്ങനെയുള്ള വസ്ത്രം വേണമെങ്കിലും ധരിച്ചോളൂ,അത്

ഇതുമായി യാതൊരു ബന്ധവുമില്ല. ദേഹ സഹിതം ദേഹത്തിന്റെ എല്ലാ സംബന്ധങ്ങളെയും ഉപേക്ഷിക്കൂ എന്നാണ് ബാബ പറയുന്നത്. ബാക്കി എന്ത് വേണമെങ്കിലും ധരിച്ചോളൂ. കേവലം സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ, ഇതിൽ ഉറച്ച നിശ്ചയം വെയ്ക്കൂ. ആത്മാവ് തന്നെയാണ് പതിതവും പാവനവുമാകുന്നതെന്ന് അറിയാം, മഹാത്മാവിനെയാണ് മഹാൻ ആത്മാവെന്ന് പറയുന്നത്, മഹാൻ പരമാത്മാവെന്ന് പറയുകയില്ല. അങ്ങനെ പറയുന്നത് ശോഭനീയമല്ല. മനസ്സിലാക്കുന്നതിവേണ്ടി എത്ര നല്ല പോയന്റുകളുണ്ട്. സർവ്വർക്കും സദ്ഗതി നൽകുന്ന സദ്ഗുരു ഒരു ബാബ മാത്രമാണ്. സത്യയുഗത്തിൽ ഒരിക്കലും അകാലമൃത്യു ഉണ്ടാവുകയില്ല. ബാബ നിങ്ങൾ കുട്ടികളെ വീണ്ടും അങ്ങനെയുള്ള ദേവതയാക്കി മാറ്റുകയാണ് എന്ന് നിങ്ങൾക്കറിയാം. മുൻപ് ബുദ്ധിയിൽ ഇതുണ്ടായിരുന്നില്ല. കല്പത്തിന്റെ ആയുസ്സ് എത്രയാണെന്ന് പോലും അറിയുമായിരുന്നില്ല. ഇപ്പോൾ മുഴുവൻ കാര്യവും ഓർമ്മയിൽ വന്നു. ആത്മാവിനെത്തന്നെയാണ് പാപാത്മാവെന്നും, പുണ്യാത്മാവെന്നും പറയുന്നത് എന്ന് കുട്ടികൾക്ക് മനസ്സിലായി. പാപ പരമാത്മാവെന്ന് ഒരിക്കലും പറയുകയില്ല. എന്നിട്ടും ചിലർ പരമാത്മാവ് സർവ്വവ്യാപിയാണെന്ന് പറയുന്നത് എത്ര വലിയ അറിവില്ലായ്മയാണ്. ഇത് ബാബയിരുന്ന് മനസ്സിലാക്കിത്തരികയാണ്. 5000 വർഷങ്ങൾക്ക് ശേഷം ബാബ വന്ന് പാപാത്മാക്കളെ പുണ്യാത്മാക്കളാക്കി മാറ്റുകയാണ് എന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി. ഒരാളെ മാത്രമല്ല, എല്ലാ കുട്ടികളെയും പുണ്യാത്മാക്കളാക്കി മാറ്റുന്നു. ബാബ പറയുകയാണ് നിങ്ങൾ കുട്ടികളെ ഇങ്ങനെയാക്കിമാറ്റുന്ന പരിധിയില്ലാത്ത അച്ഛനാണ് ഞാൻ. തീർച്ചയായും കുട്ടികൾക്ക് പരിധിയില്ലാത്ത സുഖം നൽകുന്നു. സത്യയുഗത്തിൽ പവിത്ര ആത്മാക്കളാണ് ഉണ്ടായിരിക്കുക. രാവണനെ ജയിക്കുമ്പോഴാണ് നിങ്ങൾ പുണ്യാത്മാവായി മാറുന്നത്. മായ എത്ര വിഘ്നമുണ്ടാക്കുന്നുണ്ട് എന്നത് നിങ്ങൾക്കു തന്നെ ഫീൽ ചെയ്യുന്നുണ്ട്. ഒറ്റയടിക്ക് മൂക്കിനു പിടിച്ച് ചുറ്റിയെറിയുന്നു. മായയുമായി യുദ്ധം നടക്കുന്നതെങ്ങനെയാണ് എന്ന് നിങ്ങൾക്ക് മനസ്സിലായി. പിന്നീടവർ കൗരവ-പാണ്ഡവ യുദ്ധം, സൈന്യം അങ്ങിനെ എന്തെല്ലാമാണ് കാണിച്ചിരിക്കുന്നത്. ഈ യുദ്ധത്തെക്കുറിച്ച് ആർക്കും അറിയുകയില്ല. ഇത് ഗുപ്തമാണ്. ഇത് നിങ്ങൾക്കാണറിയുക. മായയുമായി നമ്മൾ ആത്മാക്കളാണ് യുദ്ധം ചെയ്യുന്നത്. നമ്മുടെ ഏറ്റവും വലിയ ശത്രു കാമവികാരമാണെന്ന് ബാബ പറയുന്നു. യോഗബലത്തിലൂടെ നിങ്ങളതിൽ വിജയം നേടുന്നു. യോഗബലത്തിന്റെ അർത്ഥവും ആർക്കും അറിയുകയില്ല. ആരാണോ സതോപ്രധാനമായിരുന്നത് അവർ തന്നെയാണ് തമോപ്രധാനമാകുന്നതും. അനേക ജന്മങ്ങളുടെ അന്തിമ ജന്മത്തിൽ ഞാൻ ഈ ശരീരത്തിൽ പ്രവേശിക്കുന്നുവെന്ന് ബാബ സ്വയം പറയുന്നു. ആത്മാവ് തന്നെയാണ് തമോപ്രധാനമാകുന്നത്, തതത്ത്വം. ബാബ ഒരാൾക്ക് മാത്രമായി ഒന്നും പറയുന്നില്ല. സംഖ്യാക്രമത്തിൽ എല്ലാവരോടും പറയുന്നു. ആരെല്ലാമാണ് നമ്പർവൈസെന്ന് ഇവിടെ നിങ്ങൾക്ക് മനസ്സിലാകും മുന്നോട്ട് പോകുന്തോറും നിങ്ങൾക്ക് കൂടുതൽ മനസ്സിലാക്കാൻ സാധിക്കും. മാലയുടെ സാക്ഷാത്ക്കാരവും നിങ്ങൾക്കുണ്ടാകും. സ്ക്കൂളിൽ എപ്പോഴാണോ ട്രാൻസ്ഫർ ഉണ്ടാകുന്നത് അപ്പോൾ എല്ലാം മനസ്സിലാക്കാൻ സാധിക്കുമല്ലോ. മുഴുവൻ റിസൾട്ടും പുറത്തുവരും.

ബാബ ഒരു പുത്രിയോട് ചോദിച്ചു – നിങ്ങളുടെ പരീക്ഷയുടെ ചോദ്യപേപ്പർ എവിടെ നിന്നാണ് വരുന്നത്. ലണ്ടനിൽ നിന്നാണെന്ന് പറഞ്ഞു. നിങ്ങളുടെ പേപ്പർ എവിടെ നിന്ന് വരും? മുകളിൽ നിന്ന്. നിങ്ങളുടെ പേപ്പർ മുകളിൽ നിന്നാണ് വരുന്നത്. എല്ലാ സാക്ഷാത്ക്കാരവും കാണും. വളരെ അത്ഭുതകരമായ പഠിപ്പാണ്. ആരാണ് പഠിപ്പിക്കുന്നതെന്ന് ആർക്കും അറിയുകയില്ല. കൃഷ്ണ ഭഗവാനുവാച എന്ന് പറയുന്നു. എല്ലാവരും സംഖ്യാക്രമമായാണ് പഠിക്കുന്നത്. അതുകൊണ്ട് സന്തോഷവും ക്രമത്തിലായിരിക്കും. അതീന്ദ്രീയസുഖം എന്താണെന്ന് ഗോപ-ഗോപികമാരോട് ചോദിക്കൂ.. എന്ന് പാടാറുണ്ട് – ഇത് അന്തിമത്തിലെ കാര്യമാണ്. ബാബ മനസ്സിലാക്കിത്തരികയാണ്, ബാബയ്ക്കറിയാം – ഈ കുട്ടികൾ ഒരിക്കലും വീണുപോകുന്നവരല്ല എന്നിട്ടും ഇവർക്കെന്താണ് സംഭവിച്ചതെന്ന് മനസ്സിലാക്കുന്നില്ല. പഠിപ്പ് പഠിക്കുന്നില്ല, ഭാഗ്യത്തിലില്ല. ആ ലോകത്തിലേക്കു പോയി ഒരു കുടുംബമുണ്ടാക്കൂ എന്ന് ചെറുതായൊന്ന് പറഞ്ഞാൽ തന്നെ പെട്ടെന്ന് പോകുന്നു.എവിടെ നിന്നോ വന്ന് എവിടേക്കോ പോകുന്നു. അവരുടെ പെരുമാറ്റം, വാക്ക്, കർമ്മം എല്ലാം അങ്ങനെയായിരിക്കും. അൽപമെന്തെങ്കിലും ലഭിച്ചാൽ നമുക്ക് പോയി വേറെ താമസിക്കാം എന്ന് ചിന്തിക്കുന്നു. പെരുമാറ്റത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു. അതിനർത്ഥം നിശ്ചയമല്ല എന്നാണ്, നാമമാത്രമായി ഇരിക്കുകയാണ്. ജ്ഞാനത്തിന്റെ ആദ്യാക്ഷരം പോലും അറിയാത്ത ധാരാളം പേരുണ്ട്. പഠിക്കാൻ ഇരിക്കുക പോലുമില്ല. മായ പഠിക്കാൻ അനുവദിക്കുകയില്ല. ഇങ്ങനെയുള്ളവർ എല്ലാ സെന്ററുകളിലുമുണ്ട്. പലപ്പോഴും പഠിക്കാൻ വരുന്നില്ല. അത്ഭുതമല്ലേ. വളരെ ഉയർന്ന പഠിപ്പാണ്. ഭഗവാനാണ് പഠിപ്പിക്കുന്നത്. ഈ പ്രവൃത്തി ചെയ്യരുതെന്ന് ബാബ പറഞ്ഞാൽ അംഗീകരിക്കുന്നില്ല. തലകീഴായ പ്രവൃത്തി ചെയ്യുന്നു. രാജധാനി സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്, അപ്പോൾ പല പ്രകാരത്തിലുള്ളവർ വേണമല്ലോ. മുകളിൽ നിന്ന് താഴെ വരേയ്ക്കും എല്ലാവരും ആയിത്തീരും. എന്നാൽ പദവിയിൽ വ്യത്യാസമുണ്ടായിരിക്കുമല്ലോ. ഇവിടെയും നമ്പർവൈസ് പദവിയാണുള്ളത്.

വ്യത്യാസമെന്താണുള്ളത്? അവിടെ കൂടുതൽ ആയുസ്സും, സുഖവും ഉണ്ടാകും. ഇവിടെ ആയുസ്സു കുറവും, ദുഃഖവുമായിരിക്കും. കുട്ടികളുടെ ബുദ്ധിയിൽ ഇതെല്ലാം അത്ഭുതകരമായ കാര്യങ്ങളാണ്. ഈ ഡ്രാമ എങ്ങനെയാണ് ഉണ്ടാക്കപ്പെട്ടിട്ടുള്ളത്. വീണ്ടും കല്പ-കല്പ ം അതേ പാർട്ട് അഭിനയിക്കുന്നു. സ്വാഭാവവും,പ്രവൃത്തിയുമെല്ലാം അതു തന്നെയാണ്... ഈ സൃഷ്ടി ചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു..ചക്രം ഉണ്ടായതും, ഉണ്ടാക്കപ്പെട്ടതും, ഉണ്ടായിക്കൊണ്ടിരിക്കുന്നതുമാണ്... ഈ ചക്രം വീണ്ടും ആവർത്തിക്കപ്പെടും. സതോപ്രധാനത്തിൽനിന്നും സതോ, രജോ, തമോയിലേയ്ക്ക് വരുന്നു. ഇതിൽ സംശയിക്കേണ്ട കാര്യമില്ല. ശരി, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നുണ്ടോ? ആത്മാവിന്റെ അച്ഛൻ ശിവബാബയാണെന്ന് മനസ്സിലാക്കുന്നുണ്ടല്ലോ. ആരാണോ സതോപ്രധാനമായിരുന്നത് അവർ പിന്നീട് തമോപ്രധാനമാകുന്നു ബാബയെ ഓർമ്മിക്കുന്നതിലൂടെ വീണ്ടും സതോപ്രധാനമായി മാറാൻ സാധിക്കും. ഇത് നല്ലതല്ലേ. കേവലം ഇവിടെവരെ എത്തിക്കാൻ കഴിയണം. പരിധിയില്ലാത്ത ബാബ സ്വർഗത്തിന്റെ സമ്പത്ത് നൽകുകയാണെന്ന് പറയൂ. ആ ബാബ തന്നെയാണ് പതീതപാവനൻ. ബാബ ജ്ഞാനം നൽകുകയാണ്, ഇതിൽ ശാസ്ത്രങ്ങളുടെയൊന്നും കാര്യമില്ല. തുടക്കത്തിൽ ശാസ്ത്രം എവിടെ നിന്നാണ് വന്നത്? ഇവിടെയിപ്പോൾ അനേകർ വരുന്നുണ്ട് അവർ പിന്നീടിരുന്ന് ശാസ്ത്രങ്ങൾ ഉണ്ടാക്കുന്നു. സത്യയുഗത്തിൽ ശാസ്ത്രങ്ങൾ ഉണ്ടായിരിക്കുകയില്ല.പഴയ ഒരു വസ്തുവുമുണ്ടായിരിക്കുകയില്ല. പേരും രൂപവുമല്ലാം മാറുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും, പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും, സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഒരിക്കലും തലയിട്ടടിക്കരുത്. നമ്മൾ വിശ്വത്തിന്റെ അധികാരിയാവാൻ പോകുന്നവരാണ് എന്ന കാര്യം ബുദ്ധിയിലുണ്ടായിരിക്കണം, നമ്മുടെ പെരുമാറ്റം, സംസാരം എല്ലാം വളരെ നല്ലതാക്കണം. ഒരിക്കലും കരയരുത്.

2) നിശ്ചയബുദ്ധിയായി മാറി ഒരേയൊരു ബാബയുടെ നിർദ്ദേശത്തിലൂടെ നടക്കണം, ഒരിക്കലും സംശയിക്കുകയോ, ഉറക്കം തൂങ്ങുകയോ ചെയ്യരുത്. നിശ്ചയത്തിലാണ് വിജയം, അതുകൊണ്ട് അവനവനെത്തന്നെ കാൽക്കാശിന്റെ വഴിയിലൂടെ നടത്തരുത്.

## വരദാനം- ഏതൊരു പരിതസ്ഥിതിയിലും ഫുൾസ്റ്റോപ്പിട്ട് സ്വയത്തെ പരിവർത്തനം ചെയ്ത് സർവ്വരുടെയും ആശീർവാദങ്ങൾക്ക് പാത്രമാകുന്നവരായി ഭവിക്കട്ടെ.

ബിന്ദുസ്വരൂപനായ ബാബയുടെയും,ബിന്ദുസ്വരൂപമായ ആത്മാവിന്റെയും സ്മൃതിയുണ്ടെങ്കിൽ മാത്രമേ ഏതൊരു പരിതസ്ഥിതിയിലും ഫുൾസ്റ്റോപ്പിടാൻ കഴിയുകയുള്ളൂ.അപ്പോൾ മാത്രമേ കണ്ട്രോളിങ് പവറും ഉണ്ടാവുകയുള്ളൂ ഏത് കുട്ടികളാണോ ഏതൊരു സാഹചര്യത്തിലും അവനവനെ പരിവർത്തനപ്പെടുത്താൻ ധൈര്യം കാണിക്കുന്നത്,അവർ ആശീർവാദങ്ങൾക്ക് പാത്രമാകുന്നു.അവർക്ക് അവനവനിൽ നിന്നു തന്നെ ആശീർവാദങ്ങൾ അഥവാ സ്വയം സന്തോഷം ലഭിക്കുന്നു.ഒപ്പം ബാബയിൽ നിന്നും, ബ്രാഹ്മണപരിവാരത്തിൽ നിന്നും ആശീർവാദങ്ങൾ ലഭിക്കുന്നു.

## സ്ലോഗൻ - ഏത് സങ്കൽപമെടുത്താലും അതിന് ഇടക്കിടെ ദൃഢതയുടെ സീൽ വെക്കുകയാണെങ്കിൽ വിജയിയായി മാറും.